ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:01.11.2025

## പ്രധാനവാർത്തകൾ

1. 69-ാം കേരളപിറവി ദിനത്തിൽ സംസ്ഥാനമെമ്പാടും വിപുലമായ ആഘോഷങ്ങൾ. ആശംസകൾ നേർന്ന് രാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.

2. രാജ്യത്തെ ആദ്യ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളം. പുതുയുഗ പിറവിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രഖ്യാപനം തട്ടിപ്പെന്ന് പ്രതിപക്ഷം.

3. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ മറ്റെന്നാൾ കേരളത്തിലെത്തും. കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളജ് ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും.

4. സംസ്ഥാനത്ത് ഗർഭാശയ ഗള കാൻസർ പ്രതിരോധത്തിനായി പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്കുള്ള വാക്സിനേഷൻ തിങ്കളാഴ്ച ആരംഭിക്കും. പദ്ധതി ആദ്യം നടപ്പാക്കുന്നത് കണ്ണൂരിൽ.

5. കവിയും സാഹിത്യ നിരൂപകനുമായ കെ.ജി. ശങ്കരപ്പിള്ളയ്ക്ക് ഈ വർഷത്തെ എഴുത്തച്ഛൻ പുരസ്കാരം.

6. ഐസിസി വനിതാ ലോകകപ്പിൽ ഇന്ത്യ-ദക്ഷിണാഫ്രിക്ക ഫൈനൽ പോരാട്ടം നാളെ.

RNUTVPM

## കേരളപിറവി

ഐക്യ കേരള രൂപീകരണത്തിന് ഇന്ന് 69 വർഷം. ഭാഷാടിസ്ഥാനത്തിൽ 1956 നവംബർ ഒന്നിനാണ് ഐക്യ കേരളം രൂപീകരിച്ചത്. കേരളപിറവി ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഇന്ന് ഉച്ചയ്ക്ക് ശേഷം നടക്കുന്ന പൊതുസമ്മേളനത്തിൽ ചലച്ചിത്ര താരങ്ങളായ മോഹൻലാൽ, മമ്മൂട്ടി, കമൽഹാസൻ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും. ലോകമെമ്പാടുമുള്ള മലയാളികൾക്ക് രാഷ്ട്രപതി, പ്രധാനമന്ത്രി, ഗവർണർ, മുഖ്യമന്ത്രി തുടങ്ങിയവർ കേരളപ്പിറവി ആശംസകൾ നേർന്നു. കേരളത്തിന് പുറമെ, മധ്യപ്രദേശ്, ഹരിയാന, പഞ്ചാബ്, കർണാടക, ആന്ധ്രപ്രദേശ്, ഛത്തിസ്ഗഢ് എന്നീ സംസ്ഥാനങ്ങളും ഇന്ന് രൂപീകരണ ദിനം ആഘോഷിക്കുന്നുണ്ട്.

*************************

## മുഖ്യമന്ത്രി നിയമസഭ (ഇൻട്രോ)

രാജ്യത്തെ ആദ്യ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളം. നിയമസഭയുടെ ഇന്ന് ചേർന്ന പ്രത്യേക സമ്മേളനത്തിലാണ് മുഖ്യമന്ത്രി പിണറായി വിജയൻ ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്. കേരളം പുതു യുഗപ്പിറവിയിലാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഈ മാറ്റത്തിലൂടെ ഇത്തവണത്തെ കേരളപ്പിറവി ചരിത്രത്തിൽ ഇടം നേടിയിരിക്കുകയാണെന്നും അദ്ദേഹം വിശേഷിപ്പിച്ചു.

(ഹോൾഡ് വോയിസ്)

*************************

## പ്രതിപക്ഷ ബഹിഷ്കരണം

RNU TVPM

കേരളപ്പിറവി ദിനത്തിൽ ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തിലെ നടപടികൾ പ്രതിപക്ഷം ബഹിഷ്കരിച്ചു. റൂൾ 300 പ്രകാരമുള്ള പ്രസ്താവന മുഖ്യമന്ത്രിയ്ക്ക് അവതരിപ്പിക്കാൻ വേണ്ടി പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ച് ചേർത്തത് ചട്ട വിരുദ്ധമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. കേരളം അതിദാരിദ്ര്യമുക്തമാണെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം തട്ടിപ്പാണെന്നും അദ്ദേഹം പറഞ്ഞു.

*************************

## കർഷക മോർച്ച - സമരം

അതിദാരിദ്ര മുക്ത കേരള പ്രഖ്യാപനത്തിനെതിരെ ഇന്ന് കർഷക മോർച്ച വായ മൂടികെട്ടി സമരം നടത്തും. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ഉന്നയിച്ച് കോഴിക്കോട് കിഡ്സൺ കോർണ്ണറിൽ മോർച്ച പ്രതിഷേധിക്കും

RNU TVPM

*************************

## ഭരണഭാഷാ വാരാഘോഷം

മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ദർബാർഹാളിൽ ചടങ്ങ് ഇപ്പോൾ പുരോഗമിക്കുകയാണ്. ജീവനക്കാർക്ക് ചീഫ് സെക്രട്ടറി എ.ജയതിലക് ഭരണഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുക്കും. മലയാളഭാഷയ്ക്കു നൽകിയ സംഭാവനകൾ കണക്കിലെടുത്ത് സരസമ്മ കെ കെ, ഡോ. എം. എം. ബഷീർ എന്നിവരെ ചടങ്ങിൽ ആദരിക്കും.

*************************

## പുസ്തക പ്രദർശനം

മലയാള ദിനാഘോഷത്തിന്റെ ഭാഗമായി നിയമസഭാ ലൈബ്രറിയിൽ സംഘടിപ്പിച്ച പുസ്തക പ്രദർശനം സ്പീക്കർ എ. എൻ. ഷംസീർ ഉദ്ഘാടനം ചെയ്തു. വയലാർ അവാർഡ് ലഭിച്ച കൃതികൾ, ഔദ്യോഗിക ഭാഷാനിയമങ്ങൾ സംബന്ധിച്ച രേഖകൾ തുടങ്ങിയവയെല്ലാം പ്രദർശനത്തിനുണ്ട്. ഈ മാസം 7 വരെയാണ് പ്രദർശനം.

*************************

## എഴുത്തച്ഛൻ പുരസ്കാരം

കവിയും സാഹിത്യ നിരൂപകനുമായ കെ.ജി. ശങ്കരപ്പിള്ളയ്ക്ക് ഈ വർഷത്തെ എഴുത്തച്ഛൻ പുരസ്കാരം. മന്ത്രി സജി ചെറിയാൻ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിലാണ് പുരസ്കാര പ്രഖ്യാപനം നടത്തിയത്. കേരള, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഭാഷാ പിതാവിന്റെ പേരിലുള്ള പുരസ്കാരം ലഭിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് കെ ജി ശങ്കരപ്പിള്ള പ്രതികരിച്ചു.

RNU TVPM

*************************

## മീഠി മലയാളം (ഇൻട്രോ)

വിദ്യാഭ്യാസ രംഗത്ത് നവീന മാറ്റം സൃഷ്ടിച്ച് സമഗ്ര ശിക്ഷാ കോഴിക്കോടിൻറെ 'മീഠി മലയാളം' പദ്ധതി ജില്ലാതലത്തിൽ വ്യാപിപ്പിക്കുന്നു. ഹിന്ദിയും അനുബന്ധ ഭാഷകളും മാതൃഭാഷയായ കുട്ടികൾക്ക് മലയാളഭാഷ പഠനം ലളിതമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

*************************

## ആരോഗ്യമന്ത്രി

സംസ്ഥാനത്ത് ഗർഭാശയഗള കാൻസർ പ്രതിരോധത്തിനായി പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് HPV വാക്സിനേഷൻ തിങ്കളാഴ്ച ആരംഭിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ നിർവ്വഹിക്കും. പരീക്ഷണ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലാണ് ആദ്യം പദ്ധതി നടപ്പിലാക്കുന്നത്.

*************************

## രാപകൽ സമരം

സെക്രട്ടേറിയറ്റിനു മുന്നിൽ ആശാപ്രവർത്തകർ നടത്തിവന്നിരുന്ന രാപകൽ സമരം അവസാനിപ്പിച്ചു. ഇതിന്റെ ഭാഗമായുള്ള മഹാ പ്രതിജ്ഞാ റാലി പ്രതിപക്ഷനേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്തു. സമരം തുടങ്ങി 266 ആം ദിവസത്തിലാണ് പ്രതിഷേധം അവസാനിപ്പിക്കുന്നത്. ആശമാരുടെ ഓണറേറിയത്തിൽ സർക്കാർ 1,000 രൂപയുടെ വർധന വരുത്തിയിരുന്നു.

*************************

## ശബരിമല

ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിന്റെ ഭാഗമായി ഭക്തർക്കായുള്ള വെർച്വൽ ക്യൂ ബുക്കിംഗ് ഇന്ന് വൈകുന്നേരം അഞ്ചുമണി മുതൽ ആരംഭിക്കും.

PNU TVPM

sabarimalaonline.org എന്ന വെബ്സൈറ്റ് വഴി ഒരു ദിവസം 70,000 ഭക്തർക്ക് സ്ലോട്ട് ബുക്ക് ചെയ്യാൻ സാധിക്കും.

**************************

## ജി എസ് ടി - ഇലക്ട്രോണിക്സ്

രാജ്യത്തെ പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ, ഇലക്ട്രോണിക്സ് മേഖലയിൽ ഗുണകരമായ മാറ്റങ്ങൾക്ക് കാരണമാകുന്നതായി കേന്ദ്ര സർക്കാർ. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ജി എസ് ടി കുറച്ചതിലൂടെ താങ്ങാനാവുന്ന നിരക്കിൽ ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ സാധിച്ചു. ടെലിവിഷൻ മോണിറ്ററുകളുടേയും പ്രൊജക്ടറുകളുടേയും ജി എസ് ടി 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറിച്ചിട്ടുണ്ട്. എസി, ഡിഷ് വാഷർ തുടങ്ങിയവയുടെ ജി എസ് ടി 28 ൽ നിന്ന് 18 ശതമാനമാക്കിയതിലൂടെ ഗാർഹിക ഉപകരണങ്ങൾ സാധാരണക്കാർക്കും ലഭ്യമാക്കാൻ സാധിച്ചു.

RNU TVPM

**************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

**************************

## ഉപരാഷ്ട്രപതി കേരള സന്ദർശനം

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ മറ്റെന്നാൾ കേരളം സന്ദർശിക്കും. കൊല്ലം ഫാത്തിമ മാത നാഷണൽ കോളജ്

ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. ശ്രീ സി.പി രാധാകൃഷ്ണൻ ഉപരാഷ്ട്രപതി പദത്തിൽ എത്തിയ ശേഷമുള്ള ആദ്യ കേരള സന്ദർശനമാണിത്.

*****************************

## പിഎം - ഛത്തീസ്ഗഢ്

ഛത്തിസ്ഗഢ് സംസ്ഥാന രൂപീകരണത്തിന്റെ 25-ാം വാർഷികാഘോഷങ്ങളിൽ പങ്കെടുക്കാനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നവ റായ്പൂരിലെത്തി. ഛത്തീസ്ഗഢ് നിയമസഭയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചു. ദിൽ കി ബാത്ത് സംരംഭത്തിന്റെ ഭാഗമായി അടൽ നഗറിലെ ശ്രീ സത്യസായി സഞ്ജീവനി ആശുപത്രിയിൽ 2,500 ഓളം കുട്ടികളുമായി അദ്ദേഹം സംവദിച്ചു. ബ്രഹ്മകുമാരിസിന്റെ 'ശാന്തി ശിഖറിന്റെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവ്വഹിച്ചു. ഛത്തിസ്ഗഢിൽ 14,260 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

PINU TVPM

*****************************

## കേരള ചലച്ചിത്ര അക്കാദമി

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ചെയർപേഴ്സൺ ആയി റസൂൽ പൂക്കുട്ടി ചുമതലയേറ്റു. ചലച്ചിത്ര അക്കാദമിയുടെ തിരുവനന്തപുരത്തെ ഓഫീസിൽ എത്തിയാണ് അദ്ദേഹം ചുമതലയേറ്റത്. നിലവിലെ ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതിന്റെ പശ്ചാത്തലത്തിലായിരുന്നു പുനഃസംഘടന.

**************************

**ചാമ്പ്യൻസ് ബോട്ട് വള്ളംകളി (ഇൻട്രോ)**

ഓളപരപ്പിലെ ജലരാജാക്കന്മാരുടെ പോരാട്ടമായ ചാമ്പ്യൻസ് ബോട്ട് ക്ലബ് വള്ളംകളി ഇന്ന് ആലപ്പുഴയിൽ നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ....**

(വോയിസ്)

**************************

**ഐസിസി വനിതാ ലോകകപ്പ്**

ഐസിസി വനിതാ ലോകകപ്പ് ഫൈനലിൽ ഇന്ത്യ നാളെ ദക്ഷിണാഫ്രിക്കയെ നേരിടും. വൈകിട്ട് മൂന്ന് മണിക്ക് മുംബൈയിലാണ് മത്സരം. സെമിയിൽ ഓസീസിനെ 5 വിക്കറ്റിന് തോൽപിച്ചായിരുന്നു ഇന്ത്യയുടെ ഫൈനൽ പ്രവേശം.

RNU TVPM

**************************

**ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി 20**

ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി 20 പരമ്പരയിലെ മൂന്നാം മത്സരം നാളെ. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45ന് ബെല്ലെറീവിലാണ് മത്സരം. പരമ്പരയിൽ ഓസീസ് 1-0ന് മുന്നിലാണ്.

**************************

**കോഴിക്കോട് അപകടം**

കോഴിക്കോട് കക്കോടിയിൽ മതിൽ ഇടിഞ്ഞ് അപകടത്തിൽ ഒരാൾ മരിച്ചു. ഒഡിഷ സ്വദേശിയാണ് മരിച്ചത്. അപകടത്തിൽ പരുക്കേറ്റ ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഫയർ ഫോഴ്സ് സംഭവസ്ഥലത്തുണ്ട്.

************************

## ശബരിമല അപഹരണ കേസ്

ശബരിമല സ്വർണ്ണ അപഹരണ കേസിൽ മുൻ എക്സിക്യൂട്ടീവ് സുധീഷ് കുമാർ അറസ്റ്റിൽ. റാന്നി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഇയാളെ ഇന്ന് ഹാജരാക്കും. കേസിലെ മൂന്നാമത്തെ അറസ്റ്റാണ് പ്രത്യേക അന്വേഷണ സംഘം രേഖപ്പെടുത്തിയത്.

PNU TVPM

************************

## സൈനിക് സ്കൂൾ

സൈനിക് സ്കൂളുകളിൽ അടുത്ത അധ്യയന വർഷത്തേക്കുള്ള ആറ്, ഒൻപത് ക്ലാസുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള സമയപരിധി നീട്ടി. നാഷണൽ ടെസ്റ്റിങ് ഏജൻസി നടത്തുന്ന പരീക്ഷയ്ക്കായി ഓൺലൈനായി നവംബർ ഒൻപതിന് വൈകീട്ട് അഞ്ചുവരെ അപേക്ഷിക്കാം. ജനുവരി 18-നാണ് പ്രവേശന പരീക്ഷ.

*

**********

*************************************